ഉദ്യോഗപ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള മൂന്നംഗ കമ്മീഷനെ നിയമിച്ചു. റിപ്പോർട്ട് സമർപ്പിക്കാൻ ഏകാംഗ കമ്മീഷന് മൂന്നുമാസത്തെ കാലയളവും മൂന്നംഗ കമ്മീഷന് ആറുമാസത്തെ കാലയളവും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) റാങ്ക് ലിസ്റ്റുകളുടെ കാലയളവ് മൂന്നുമാസം കൂടി ദീർഘിപ്പിക്കുന്നതിന് പി.എസ്.സിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിയമന നിരോധന ഉത്തരവ് പിൻവലിച്ചിട്ടുമുണ്ട്.

(ഡി&ഇ) മേൽത്തട്ട് പ്രശ്നം സംബന്ധിച്ച് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്രീമിലെയർ പരിധിയിൽ ആരെല്ലാം ഉൾപ്പെടുന്നു എന്നും ഏതെല്ലാം പിന്നോക്ക വിഭാഗങ്ങളെ ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയെന്നും ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെടുത്തിയവർ ആരെല്ലാമാണെന്നും പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് ആരാഞ്ഞുകൊണ്ട് പി.എസ്.സി സർക്കാരിന് എഴുതിയിരുന്നു.

(എഫ്) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്നുമാസം കൂടി ദീർഘിപ്പിക്കുന്നതിന് പി.എസ്.സിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായങ്ങൾക്ക് സംവരണതത്വം അനുസരിച്ചുള്ള പ്രാതിനിധ്യം

42 (42) ശ്രീ. പി. കെ അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, പബ്ലിക് സർവ്വീസ് കമ്മീഷൻ, സർവകലാശാലകൾ എന്നിവിടങ്ങളിൽ സംവർണതത്വം അനുസരിച്ചുള്ള പ്രാതിനിധ്യം പിന്നോക്കസമുദായങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇനിയും എത്രത്തോളം നിയമനം നടത്തിയാൽ സംവരണം പൂർണ്ണമാകും ;

(സി) ഈ കണക്ക് തികയ്ക്കാൻ വേണ്ടി പിന്നോക്ക സമുദായങ്ങൾക്കുള്ളിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ സത്വര നടപടി എടുക്കുമോ ;

(ഡി) നിലവിൽ പിന്നോക്ക സമുദായങ്ങൾക്ക് ലഭിച്ചിട്ടുള്ള നിയമനം ഓരോ വകുപ്പിലും യൂണിവേഴ്സിറ്റിയിലും പൊതുമേഖലാസ്ഥാപനങ്ങളിലും എത്രവീതമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങിയവയിൽ പിന്നോക്ക സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള ഉദ്യോഗപ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിച്ചുകൊണ്ട് സർക്കാരിന്റെ 2612/എഫ്3/2000/എസ്.സി./എസ്.ടി ഡി.ഡി. നമ്പരിൽ 11-2-2000-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. റിട്ട. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള ഈ മൂന്നംഗ കമ്മീഷൻ ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ക്രീമിലെയർ പ്രശ്നംമൂലം നിർത്തിവയ്ക്കപ്പെട്ട പി.എസ്.സി. നിയമനങ്ങൾ

43 (43) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ പ്രശ്നത്തിന്റെ പേരിൽ പി.എസ്.സി. വഴിയുള്ള നിയമനം ഏത് തീയതി മുതലാണ് നിർത്തിവച്ചിട്ടുള്ളത് ;

(ബി) നിയമനങ്ങൾ നിറുത്തിവച്ചതിന്റെ ഫലമായി ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) എത്രമാസത്തേക്കു കൂടി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) നിയമനം നടത്താൻ കഴിയാതെ വന്നിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ നിലവിലുള്ള ഏതെല്ലാം റാങ്ക്ലിസ്റ്റുകളെയാണ് ഇത് ബാധിച്ചിരിക്കുന്നത് എന്നത് വിശദമാക്കുമോ ?

ഉത്തരം

(എ) 17-12-1999 ൽ നിർത്തിവച്ചിരുന്നു.

(ബി&സി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്നുമാസത്തേക്ക് നീട്ടി നൽകുന്നതിന് പി.എസ്.സിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) സർക്കാരിന്റെ 16-2-2000-ലെ ജി.ഒ.(പി.)15/2000/എസ്.സി/എസ്.ടിഡി.ഡി. നമ്പർ ഉത്തരവ് പ്രകാരം നിയമനനിരോധനം പിൻവലിച്ചിട്ടുള്ളതിനാൽ നിയമനം നടത്താൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.

പി.എസ്.സി നിയമനങ്ങൾ

44 (44) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly